മുംബൈ രാജ്യാന്തര ചലച്ചിത്രമേളയിലെ മിഫ് (MIFF) നൽകിയ കാഴ്ചാനുഭവങ്ങളെപ്പറ്റി.

# നേരിന്റെ നേർക്കാഴ്ചകൾ



● 'ആബ'യിൽനിന്ന് ഒരു രംഗം

കെ.സി. സെബാസ്റ്റിൻ

സുതാര്യ കാഴ്ചകളുടെ അടയാളപ്പെടുത്തലിലൂടെ ഇന്ത്യയിലെ ചലച്ചിത്ര മേളകളിൽ നിന്നും വേറിട്ടുനിൽക്കുന്ന ലോകത്തിലെ ബൃഹത്തായ ചലച്ചിത്ര മേളകളിൽ ഒന്നാണ് മുംബൈ രാജ്യാന്തര ചലച്ചിത്ര മേളയായ മിഫ് (MIFF). ഡോക്യുമെന്ററി, ഷോർട്ട്, അനിമേഷൻ ചിത്രങ്ങളുടെ രണ്ടുവർഷം കൂടുമ്പോൾ മുംബൈയിൽ അരങ്ങേറുന്ന മിഫിന്റെ സംഘാടകർ കേന്ദ്രസർക്കാരിനു കീഴിലുള്ള ഫിലിംസ് ഡിവിഷനാണ്.

വിജ്ഞാനത്തിന്റെ വിശാല ഭൂമികയിലേക്കു പ്രേക്ഷകനെ ആനയിക്കുന്ന ലോകത്തിലെ 33ഓളം രാജ്യങ്ങളിൽ നിന്നെത്തിയ മാനുഷികവും നൈതികവുമായ വിഷയങ്ങളുടെ മുന്നൂറോളം ചലച്ചിത്രങ്ങളാണ് മിഫിൽ പ്രദർശിപ്പിച്ചത്. ഫീച്ചർ ചിത്രങ്ങളുടെ ഗ്ലാമറും പണക്കൊഴുപ്പുമില്ലാത്തതിനാൽ തള്ളിക്കയറ്റങ്ങളും ആരവങ്ങളും അന്യമായിരുന്നു. പകവും ഗൗരവുമാർന്ന ചലച്ചിത്രകാരന്മാരും ആസ്വാദകരുമാണ് ഈ മേളയുടെ കരുത്ത്. ഫിലിംസ് ഡിവിഷൻ ആസ്ഥാനത്തെ സ്വച്ഛമായ അന്തരീക്ഷം മേളയെ ധ്യാനാത്മകമാക്കി.

ഗതകാല മേളകളിലേക്കാൾ വർധിതമായിരുന്നു ഇക്കുറി മിഫിലേക്ക് അയച്ചുകിട്ടിയ ചിത്രങ്ങളുടെ എണ്ണത്തിലെ വർധനവ് -790 ചിത്രങ്ങൾ. ഇവയിൽ 300ഓളം ചിത്രങ്ങൾ തിരഞ്ഞെടുത്തപ്പോൾ പോയ വർഷത്തെ മേളയുടെ കരുത്ത് ഇവയ്ക്കില്ലായിരുന്നു. അങ്ങേയറ്റം മികച്ച രേഖീയ ചലച്ചിത്രങ്ങൾ ഇക്കുറി ഉണ്ടായില്ല. കാലിക രാഷ്ട്രീയ പ്രസക്തമായ ചിത്രങ്ങളും മത്സരവിഭാഗത്തിൽ കണ്ടില്ല. സ്ത്രീപക്ഷവും ലിംഗപരവുമായ വിഷയങ്ങളുടെ സമൃദ്ധി മേള വെളിവാക്കി.

## രാജ്യാന്തര പുരസ്കാര ചിത്രങ്ങൾ

അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ മികച്ച ഡോക്യുമെന്ററിക്കുള്ള പുരസ്കാരമായ സുവർണശംഖും 10 ലക്ഷം രൂപയും ഓസ്ട്രിയയിൽനിന്നുള്ള 'ബ്രദർ ജേക്കബ്, ആർ യു സ്ലീപ്പിങ്?' എന്ന 86 മിനിറ്റ് ദൈർഘ്യമുള്ള ചിത്രത്തിനാണ്.

നാലു സഹോദരന്മാർ ഭൂതകാലത്തിലേക്കു നടത്തുന്ന യാത്രയാണീ ചിത്രം. അഞ്ചാമത്തെ സഹോദരന്റെ ആത്മഹത്യക്കുശേഷം ടൈറോലിയൻ പർവതത്തിൽനിന്നും ആരംഭിക്കുന്ന ഓർമകൾ പങ്കിട്ട പാതയിലൂടെയുള്ള പ്രയാണം പോർട്ടോയിലെ ഹോട്ടൽമുറിയിൽ അവസാനിക്കുന്നു. സങ്കടത്തിന്റെയും വിടവാങ്ങലിന്റെയും പ്രശാന്തതയുടെയും എത്തിപ്പെടലിന്റെയും അതുപോലെത്തന്നെ പുനഃസമാഗമത്തിന്റെയും വീണ്ടെടുക്കലിന്റെയും ഒരു വ്യക്തിഗത ചലച്ചിത്രമാണിത്.

കാലത്തെ അതിജീവിക്കുന്ന വേദനയുടെ അപനിർമാണം ദുഃഖാർത്തമായ ഒരു കുടുംബത്തിന്റെ പരിസമാപ്തിയിലേക്ക് കൊണ്ടുവരുന്നു എന്നതിനാലാണ് ഈ ചിത്രം പുരസ്കാരത്തിന് അർഹമായത്.

ഈ വിഭാഗത്തിൽ ഇക്കുറി രജതശംഖ് നേടാനായി ചിത്രങ്ങൾ ഉണ്ടായിരുന്നില്ല. പോയവർഷത്തെ പോലെ മികച്ച ഹ്രസ്വചിത്രത്തിനുള്ള പുരസ്കാരം ഈ പ്രാവശ്യവും രണ്ടുചിത്രങ്ങൾ പങ്കിട്ടു. അരുണാചൽ പ്രദേശിൽനിന്നുള്ള 'ആബ'യും (The Grand Father), മൈടേൺ (Nae Chalye) എന്ന സൗത്ത് കൊറിയൻ ചിത്രവും.

അരുണാചൽ പ്രദേശിലെ 'സീറോ' എന്ന പ്രദേശത്തെ ഒരു ഒറ്റപ്പെട്ട ഗ്രാമത്തിലാണ് 'ആബ' ചിത്രീകരിച്ചത്. ഇവിടത്തെ 'അപ്പത്താനി' ഗോത്രവർഗക്കാർ ഇവരുടെ വിചിത്രമായ ആചാരങ്ങളാൽ പ്രസിദ്ധരാണ്. ഇവിടത്തെ സ്ത്രീകൾ ചന്തമുള്ളവരായിരുന്നതിനാൽ 'നിഷി' ഗോത്രവർഗക്കാർ ഇവരെ തട്ടിക്കൊണ്ടുപോകുമായിരുന്നു. നിഷികളുമായി പോരാടാൻ അപ്പത്താനി പുരുഷന്മാർക്ക് കഴിഞ്ഞിരുന്നില്ല. അതിനവർ കണ്ടെത്തിയ കുറുക്കുവഴിയാണ് തങ്ങളുടെ പെണ്ണുങ്ങളെ ചെറുപ്പത്തിലെതന്നെ മൂക്കും കാതും തുളച്ച് മരക്കട്ട അണിയിക്കുകയും മുഖത്തു പച്ചകുത്തുകയും ചെയ്ത് വികൃതമാക്കുക എന്നത്. ഇങ്ങനെ വിരൂപികളാക്കിയ സ്ത്രീകളെ പിന്നീട് നിഷികൾ തട്ടിക്കൊണ്ടുപോകാതായി. പക്ഷേ, 'ആബ'യുടെ കഥ മറ്റൊന്നാണ്.

അച്ഛനും അമ്മയും നഷ്ടപ്പെട്ട ഒരു കൊച്ചു പെൺകുട്ടി അവരുടെ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും കൂടെയാണ് താമസിക്കുന്നത്. ആശുപത്രിയിൽവെച്ച് ഒരു എക്സ്റേ ഫിലിം കാട്ടിക്കൊണ്ട് കുട്ടിയോടും മുത്തച്ഛനോടും ഡോക്ടർ പറഞ്ഞത്, മുത്തച്ഛൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമേ ജീവിക്കുകയുള്ളൂ എന്നും ഇദ്ദേഹത്തിന്റെ ശ്വാസകോശം അർബുദം ബാധിച്ച് മൂർധന്യത്തിലാണെന്നും. കുട്ടി ഈ വിവരം വീട്ടിലെത്തിയപ്പോൾ മുത്തശ്ശിയോട് പറയുകയും ചെയ്തു. മരണം പ്രതീക്ഷിച്ച് കഴിയുന്ന മുത്തച്ഛൻ തന്നെ അടക്കുവാനുള്ള കുഴി സ്വന്തമായി തിരയുകയും അയാൾ ഉപയോഗിച്ചിരുന്ന സാധനങ്ങളെല്ലാം കുഴിയിൽ കൊണ്ടുവെച്ച് അവിടെത്തന്നെ കിടക്കുകയും ചെയ്യുന്നു. വിളിച്ചിട്ടും വിളിച്ചിട്ടും മുത്തച്ഛൻ ഉണരാത്തതിൽനിന്നും അയാൾ മരിച്ചുവെന്ന് കരുതി ഈ കുട്ടി കരഞ്ഞുകൊണ്ട് ചെന്ന് മുത്തശ്ശിയോട് മുത്തച്ഛൻ മരിച്ചു എന്നു പറയുന്നു. ഇതോടെ മുത്തശ്ശി നിശ്ചലമായി. മുത്തച്ഛൻ ഉറക്കമുണർന്ന് പുരയിലെത്തുമ്പോൾ മരിച്ചുകിടക്കുന്ന തന്റെ പ്രിയ സഖിയെയാണ് കാണുന്നത്. അപ്പോഴും മുത്തശ്ശി കണ്ടുകൊണ്ടിരുന്ന ടി.വിയിൽനിന്നും ഏതോ ചിത്രത്തിലെ മലയാള സംഭാഷണങ്ങൾ കേൾക്കാം. ഇതോടെ ഇയാൾ സിഗരറ്റിന് തീ കൊളുത്തിക്കൊണ്ട് തന്റെ മരണപ്രവചനത്തിന്റെ സാക്ഷ്യമായ എക്സ്റേ ഫിലിം അടുപ്പിലിട്ട് കത്തിക്കുന്നു. ഒടുവിൽ തനിക്കുവേണ്ടി കുത്തിയ കുഴിയിൽ ഭാര്യയെയും അവർ ഉപയോഗിച്ചിരുന്നു ടി.വിയും ഡിഷ് ആന്റിനയും ഉൾപ്പെടെയുള്ള സാധനങ്ങളും അടക്കംചെയ്യുന്നു.

ലിപി പോലുമില്ലാത്ത അപ്പത്താനി ഭാഷയിലുള്ള ഈ തദ്ദേശീയ ഹ്രസ്വചിത്രം ഫിക്ഷനാണെങ്കിലും ഇതൊരു രേഖീയചിത്രമാണെന്നു നമ്മെ അനുഭവിപ്പിക്കുന്ന വിസ്മയമാണ്. ഇതിൽ ഡോക്ടറുടെയും കുട്ടിയുടെയും മാത്രമേ സംഭാഷണമുള്ളൂ. മുത്തച്ഛനും മുത്തശ്ശിയും ഒരക്ഷരം ഉരിയാടുന്നില്ല. പക്ഷേ, അവരുടെ മുഖഭാവങ്ങളും ശരീരചലനങ്ങളും അവിസ്മരണീയമായ അർഥതലങ്ങൾ നമ്മളിൽ കൊത്തിവെക്കുന്നു. ടി.വിയും ഫോണുമുള്ള ഒരിടത്ത് പരിസ്ഥിതിക്ക് കോട്ടം വരാതെ പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന അപ്പത്താനികളുടെ മുളകൊണ്ടുള്ള ആ പരമ്പരാഗത വീട് ഇപ്പോഴും മാറ്റങ്ങളില്ലാതെ നിലനിൽക്കുന്നത് നമ്മെ അമ്പരപ്പിക്കും (27വർഷങ്ങൾക്കുമുമ്പ് ലേഖകൻ അപ്പത്താനികളുടെ നാട്ടിൽ പോയിട്ടുണ്ടെങ്കിലും അന്നുള്ള ആ വീട് തന്നെയാണ് ഈ ചലച്ചിത്രത്തിലും ദർശിക്കാൻ കഴിഞ്ഞത്). അരുണാചൽ പ്രദേശുകാരനല്ലാത്ത അമർ കൗശിക്കിന്റെ കടിഞ്ഞൂൽ ചലച്ചിത്രമാണ് 22 മിനിറ്റ് ദൈർഘ്യമുള്ള 'ആബ'.

നഴ്സായ ഹ്യൂൻ-ജൂങ് അസാധാരണമായ സാഹചര്യത്തിൽ ഗർഭം ധരിക്കുകയും അത് സംരക്ഷിക്കാനുള്ള ശ്രമവും ഇതേതുടർന്നുള്ള വേദനകളും വ്യസനങ്ങളും പ്രത്യാഘാതങ്ങളും ചലച്ചിത്രാത്മകമായി അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് 'മൈടേൺ' (Nae Chalye) എന്ന ചിത്രത്തെ ശ്രദ്ധേയമാക്കിയത്. 15 മിനിറ്റ് ദൈർഘ്യമുള്ള ഈ ഹ്രസ്വചിത്രം കൊറിയൻ ഭാഷയിലുള്ളതാണ്. നാക്യുങ് കിം എന്ന വനിതയാണ് 'മൈടേൺ' സംവിധാനം ചെയ്തത്.

രണ്ടാമത്തെ മികച്ച രേഖീയചിത്രത്തിനുള്ള പുരസ്കാരമായ സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ് 'ദ സിനിമ ട്രാവലേഴ്സ്' എന്ന ചിത്രത്തിനാണ്. മഹാരാഷ്ട്രയിലെ സഞ്ചരിക്കുന്ന സിനിമ

യുടെ അവിശ്വസനീയമായ ലോകം വെള്ളിത്തിരയിൽ വരഞ്ഞിടുകയാണ് ഈ ചലച്ചിത്രം. വർഷത്തിലൊരിക്കൽ വിദൂരമായ ഗ്രാമത്തിലേക്ക് സിനിമാ പ്രൊജക്ടർ സ്ഥാപിച്ചിരിക്കുന്ന, തുരുമ്പെടുത്തു തുടങ്ങിയ ഒരു പഴയ ലോറിയെ ട്രാക്ടറിൽ കെട്ടിവലിച്ചുകൊണ്ടു വരുകയും അവിടെ സർക്കസുകാരെ പോലെ കൂടാരമുണ്ടാക്കി സിനിമാ പ്രദർശനം നടത്തുകയും ചെയ്യുന്ന നിപുണനായ ഒരു പ്രദർശകൻെറയും ഉദാരമതിയായ ഒരു സംഘാടകൻെറയും ഒറ്റയാനായ ഒരു പ്രൊജക്ടർ മെക്കാനിക്കിൻെറയും നേർക്കാഴ്ചയാണീ ചിത്രം. കൂടാതെ, ഡിജിറ്റൽ സിനിമയുടെ ആഗമനത്തോടെ സെല്ലുലോയ്ഡ് ഫിലിമുകളും പ്രൊജക്ടറുകളും അപ്രസക്തമാകുന്നതിൻെറയും ഒടുവിലത്തെ സഞ്ചാര സിനിമയുടെയും രേഖീയമായ മുദ്രണമാണ് 'ദ സിനിമ ട്രാവലേഴ്സ്'.

പ്രേക്ഷകരെ ചലച്ചിത്രാത്മക യാത്രയിലൂടെ സഞ്ചാര സിനിമ നിലനിർത്തുക എന്ന ലക്ഷ്യത്തിലേക്ക് സജ്ജരാക്കുന്നതിനായി പ്രതിബദ്ധതയുള്ള അചഞ്ചലമായ ദൃശ്യശൈലിയുടെ ആഖ്യാനത്തിൻെറ വ്യക്തമായ നിർവചനമെന്ന നിലയിലാണ് 'ദ സിനിമ ട്രാവലേഴ്സ്' പുരസ്കാരം നേടിയത്. ഷെർലി അബ്രഹാമും അമിത് മദേഷിയയുമാണ് 96 മിനിറ്റുള്ള ഈ ചിത്രം സാക്ഷാത്കരിച്ചിരിക്കുന്നത്.

മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരവും ഈ ചിത്രത്തിനാണ്. സംവിധായകനായ അമിത് മദേഷിയയാണ് ഛായാഗ്രാഹകൻ. നമ്മളെ എല്ലാവരെയുംപോലെ അതിജീവനത്തിനായി ഉദ്യമിപ്പിക്കുന്ന ജീവിതകഥാപാത്രങ്ങളെയും പരിസരത്തെയും മാറുന്ന സാങ്കേതികവിദ്യയാൽ വെല്ലുവിളി നേരിടുന്ന സെല്ലുലോയ്ഡ് ലോകത്തെയും വിജയകരമായി ദൃശ്യവത്കരിക്കാൻ ഛായാഗ്രാഹകനു കഴിഞ്ഞുവെന്നത് പുരസ്കാരത്തിലേക്കുള്ള പാത തുറന്നു.

## ദേശീയ പുരസ്കാരം

മുംബൈ വാസിയും മലയാളിയുമായ സുരേഷ് എറിയാട്ട് അണിയിച്ചൊരുക്കിയ 'ടോക്രി' (The Basket) എന്ന ചിത്രത്തിനാണ് മികച്ച അനിമേഷൻ ചിത്രത്തിനുള്ള രജതശംഖും അഞ്ചുലക്ഷം രൂപയും ലഭിച്ചത്.

കാലത്തിൽ നഷ്ടപ്പെടുകയും കണ്ടെത്തുകയും ചെയ്യുന്ന രണ്ട് അപ്രധാന ജീവിതങ്ങളുടെ കഥയിലൂടെ 'ടോക്രി' പ്രേക്ഷകൻെറ ചങ്കു പൊള്ളിക്കുന്നു. തെരുവോരത്തെ കുടിലിൽ കഴിയുന്ന ഒരച്ഛനും മകളും അമ്മയുമടങ്ങുന്ന ഒരു കൊച്ചുകുടുംബം. ദത്താസാമന്തിൻെറ നേതൃത്വത്തിൽ നടന്ന പ്രസിദ്ധമായ മുംബൈയിലെ തുണിമിൽ സമരത്തെ തുടർന്ന് പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും പാർശ്വവത്കരിക്കപ്പെടുകയും ചെയ്ത കൂട്ടത്തിൽ ഒരാളാണ് ഇതിലെ കുടുംബനാഥൻ. അന്നയാൾക്ക് പാരിതോഷികമായി ലഭിച്ച ഒരു വാച്ച് വലിയ നിധിപോലെ ഇയാൾ കാത്തുസൂക്ഷിച്ചിരുന്നു. ദിവസവും രാത്രി മകളും ഭാര്യയും ഉറങ്ങിക്കഴിയുമ്പോൾ രഹസ്യമായി തൻെറ കൊച്ചു പെട്ടി തുറന്ന് (ഏതോ ഒരു പ്രമുഖകൻ ഇയാൾക്ക് സമ്മാനം നൽകുന്ന പഴയ ഫോട്ടോ പ്രേക്ഷകന് കാണാം) ആ വാച്ചിന് കീ കൊടുക്കുകയും ഭയഭക്തി ബഹുമാനങ്ങളോടെ തിരികെ പെട്ടിയിൽ വെക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം മകൾ ഇതു ശ്രദ്ധിക്കുകയും തുടർന്ന് അച്ഛനും അമ്മയും പുറത്തേക്കു പോകുന്ന നേരത്ത് പെട്ടിതുറന്ന് വാച്ചു നോക്കുന്നതിനിടയിൽ താഴെ വീഴുകയും അതിൻെറ ചില്ല് തകർന്ന് നിശ്ചലമാവുകയും ചെയ്യുന്നു. തകർന്ന വാച്ച് തിരികെ പെട്ടിയിൽതന്നെ വെക്കുന്ന കുട്ടി ഒന്നുമറിയാത്തപോലെ നടിക്കുന്നു. അന്നു രാത്രി കീ കൊടുക്കാനായി വാച്ചുനോക്കുന്ന അയാൾ ആകെ തകർന്നുപോകുന്നു. ആ വാച്ചിൻെറ കീ ആ മനുഷ്യൻെറ ജീവിതത്തിൻെറ തന്നെ സ്പന്ദനമായിരുന്നു.



● 'ഇമ സാബിത്രി'

തന്നോടുള്ള സ്നേഹത്തിലും ജീവിതചര്യകളിലുമെല്ലാം വ്യത്യസ്തമായി പെരുമാറുന്ന അച്ഛൻെറ ശ്ലഥമായ മനസ്സ് കുട്ടിയെ വല്ലാതെ അലട്ടുന്നു. വാച്ച് നന്നാക്കാൻ പണം സമ്പാദിക്കാനായി കുട്ടി സ്കൂളിൽ പോകാതെ കുട്ട നെയ്ത് സ്കൂൾ യൂനിഫോമിൽ തിരക്കേറിയ തെരുവിലൂടെ ട്രാഫിക് സിഗ്നലിൽ വിൽപനക്കെത്തുന്നു. ഇവിടെ നമ്മൾ യാന്ത്രിക സംസ്കാരത്തിൻെറ നിന്ദ്യവും ക്രൂരവുമായ മുഖമാണ് ദർശിക്കുക. ഒടുവിൽ കുട്ടകൾ മുഴുവൻ വാഹനങ്ങൾ കയറി നശിക്കുകയും പാതിരയായിട്ടും കുട്ടിയെക്കാണാതെ ഹതാശനായി അലഞ്ഞെത്തുന്ന അച്ഛൻ, തെരുവിൻെറ നടുവിൽ തളർന്നിരിക്കുന്ന കുട്ടിയെ കണ്ടെത്തുകയും അവളോടൊപ്പം അവിടെത്തന്നെയിരുന്ന് തൻെറ നിസ്വമായ ജീവിതത്തിൻെറ നോവുകളിലും നഷ്ടങ്ങളിലും നെടുവീർപ്പിടുമ്പോൾ അത് പ്രേക്ഷകർകൂടി നെഞ്ചിലേറ്റുന്നു.

ഇതിൻെറ പാത്രനിർമിതി, പ്രകാശനവും സ്തംഭന - ഗമന അനിമേഷൻെറ അപ്രത്യക്ഷമാകുന്ന തന്ത്രങ്ങളും സൂക്ഷ്മതയോടെ കണ്ണിചേർത്തതിനാണ് പുരസ്കാരം.

ഹ്രസ്വചിത്രത്തിൽ രജതശംഖ് നേടിയത് 'സഖിസോന' എന്ന ബംഗാളി ചിത്രമാണ്. പ്രാന്തിക് ബസു സംവിധാനം ചെയ്തിരിക്കുന്ന ഈ ചലച്ചിത്രത്തിൻെറ ദൈർഘ്യം 26 മിനിറ്റാണ്. സഖിസോന കാമുകനുമൊത്ത് ഒളിച്ചോടുന്നു. മരങ്ങൾ നിറഞ്ഞ ഉപേക്ഷിക്കപ്പെട്ട ഗ്രാമത്തിൽ അവരുടെ പ്രയാണം അവസാനിക്കുന്നു. ജീവിതം വളരെ സന്തുഷ്ടവും പ്രകൃതി എല്ലായിടത്തും ഊർജസ്വലമായി തുളുമ്പി നിൽക്കുന്നതുമായി അവർക്കനുഭവപ്പെട്ടു. ഒരു ദിവസം അവൾ വിറക് ശേഖരിക്കുന്നതിനായി വനത്തിലേക്കു പോയി. അപ്പോൾ ഒരു വൃക്ഷം ഈ കാടിൻെറ നിഗൂഢത അവളോട് വെളിപ്പെടുത്തുന്നു. മിഥ്യാബോധം പ്രേതത്തിൻെറയും മന്ത്രവാദിയുടെയും രൂപത്തിൽ പ്രചരിക്കുന്നത് ഇവ കാലങ്ങളായി മനുഷ്യരെ മൃഗങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണെന്നാണ്. അതേസമയം, ഒരു ഉത്ഖനന സ്ഥലത്ത് വളരെക്കാലം മുമ്പ് കുഴിച്ചുമൂടിയ കഥകൾ കുതിപ്പോടെ ജീവിതത്തിലേക്ക് തിരിച്ചുവരുന്നു. ശിൽപവും സംഗീതവും വഴി ഗതകാലത്തിൻെറ ഇതിഹാസങ്ങളും വർത്തമാനകാലത്തിൻെറ കഥയും ഒരുമിച്ച് നെയ്യുന്ന 'സഖിസോന' കാവ്യാത്മക അവതരണംകൊണ്ട് പ്രേക്ഷകരുടെ മനസ്സിൽ കുടിയേറുന്നു.

ഒരു മണിക്കൂറിൽ താഴെയുള്ള മികച്ച രേഖീയചിത്രത്തിനുള്ള പുരസ്കാരം 'ഇമ സബിത്രി' എന്ന മണിപ്പൂരി ചിത്രത്തിനാണ്. ബൊബൊ ഖുരൈജാം സംവിധാനം ഈ ചിത്രം 57 മിനിറ്റ് ദൈർഘ്യമുള്ളതാണ്.

ഇതൊരു തിയറ്റർ നടിയായ 'സബിത്രി'യുടെ ചിത്രമെഴുത്താണ്. ഇവർ ഇമ (അമ്മ) എന്നാണ് അഭിസംബോധന ചെയ്യപ്പെടുന്നത്. സബിത്രി എന്ന അമ്മ അരങ്ങിലും പുറത്തും ടീച്ചർ, പങ്കാളി, സ്ത്രീ, മകൾ എന്നിങ്ങനെ വിഷയങ്ങളുടെ ഒരു നിരതന്നെ നെയ്തിടുന്നു. മൂന്നുവർഷംകൊണ്ട് ചിത്രീകരിച്ച ഈ ചിത്രം ഒരു ഊർജസ്വലമായ യഥാർഥ നാടക കമ്പനിയുടെ പ്രചോദനത്താൽ സൂക്ഷ്മ നിരീക്ഷണം ചെയ്യുകയായിരുന്നു.

നൈരന്തര്യത്തിനു വേണ്ടിയുള്ള അഭിനിവേശത്തിൻെറയും ആഘോഷങ്ങളുടെയും പ്രതിസന്ധികളുടെയും നിമിഷങ്ങളിൽ അവ വെളിവാക്കുന്ന പോലെ ചിത്രീകരിച്ചിരിക്കുന്നു. 'അമ്മ' എന്ന ചടുലമായ നാടകത്തിൽ സബിത്രിയുടെ അമ്മയെന്ന കഥാപാത്രം ഉജ്ജ്വലമാണ്. ഇതിൻെറ ക്ലൈമാക്സ്, ഒരിക്കൽ ഒരു പെൺകുട്ടി പട്ടാളക്കാരാൽ ബലാത്സംഗം ചെയ്ത് കൊല്ലപ്പെടുകയും ഇതേത്തുടർന്നുള്ള പ്രതിഷേധസമരത്തിൻെറ ഭാഗമായി മണിപ്പൂരിലെ അമ്മമാർ ഇംഫാലിലെ പട്ടാളക്യാമ്പിൻെറ പടിവാതിൽക്കൽ ചെന്ന് നഗ്നരായിനിന്ന് "ഞങ്ങളെ ബലാത്സംഗം ചെയ്യൂ" എന്നു പറഞ്ഞ് ആക്രോശിക്കുന്ന രംഗമാണ് കാണികളുമായി സംവേദനം ചെയ്യുന്നത്.

മികച്ച ഡോക്യുമെൻററിക്കുള്ള (60 മിനിറ്റിനു മുകളിൽ) രജതശംഖ്, ആർ.വി. രമണി സംവിധാനം ചെയ്ത 'സന്താൾ ഫാമിലി റ്റു മിൽ റീ-കോൾ' എന്ന ചിത്രത്തിനാണ്. 20ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിഗ്രഹകലാകാരനായ രാംകിങ്കർ ബെയ്ജിൻെറ പൈതൃകത്തിലേക്കുള്ള പുനർ സന്ദർശനത്തിൻെറ പ്രക്രിയയിലേക്ക് നമ്മെ ചേർത്തുപിടിക്കുന്ന ഒരു ബഹു അടുക്കുകളുള്ള ആഖ്യാനമാണ് രമണിയുടെ 'സന്താൾ ഫാമിലി റ്റു മിൽ റീ - കോൾ'.

ശാന്തി നികേതനിലെ അധ്യാപകനായിരുന്ന രാംകിങ്കർ ഒരു തിയറ്റർ പരിശീലകൻ കൂടിയായിരുന്നു. ചിത്രകലകളിൽ ആവിഷ്കാര പ്രയോഗങ്ങളുടെ ഔപചാരിക സമീപനത്തിൻെറ ബൃഹത്തായ പരീക്ഷണങ്ങൾ രാംകിങ്കർ നടത്തിയിട്ടുണ്ട്.

സമകാലിക ചിത്രകാരനാണ് വിവാൻ സുന്ദരം. ഇദ്ദേഹം കണ്ടെത്തിയ വസ്തുക്കളും വലിയ പ്രതിഷ്ഠാപനങ്ങളുംകൊണ്ട് മുറ്റത്ത് പ്രാപഞ്ചികത തീർക്കുന്നു. രാംകിങ്കറിൻെറ ജീവിതവും വർക്കുകളും വീണ്ടെടുക്കുന്ന വിവാൻ സുന്ദരത്തിൻെറ '409 രാംകിങ്കർ' എന്ന പ്രോജക്ടിൽ നാടകക്കാരും എഴുത്തുകാരും കലാകാരന്മാരും പങ്കെടുക്കുന്നു. തിയറ്റർ സംവിധായകരായ അനുരാധ കപൂർ, ശന്തനു ബോസ്, അദിതീ വിശ്വാസ്, ദീപൻ ശിവരാമൻ കൂടാതെ പ്രഫഷനൽ അഭിനേതാക്കൾ, അസോസിയേറ്റുകൾ, സാങ്കേതിക വിദഗ്ധർ ഇവരെല്ലാം ചേർന്നുള്ള ഒരു സങ്കൽപ സാക്ഷാത്കാരമായ പ്രൊമനേഡ് തിയറ്റർ (Promenade Theatre). ഇതിൻെറ നിർമിതിയും നാടക അവതരണങ്ങളും ശിൽപങ്ങളുടെയും ചിത്രങ്ങളുടെയും പ്രദർശനങ്ങളും കാണികളും എല്ലാം നിറഞ്ഞുനിൽക്കുന്ന ഒരു സവിശേഷ കാഴ്ചയാണ് സന്താൾ ഫാമിലി റ്റു മിൽ റീ - കോൾ.

ജൂറിയുടെ മികച്ച ചിത്രത്തിനുള്ള പുരസ്കാരം ഇക്കുറി ട്രാൻസ്ജെൻഡർ ചിത്രമായ 'അയാം ബോണി' നേടി. ശതരൂപ



● 'സന്താൾ ഫാമിലി റ്റു മിൽ റീ-കോൾ'

സന്ദ്ര, ഫറാ ഖറ്റൂർ, സൗരഭ് കാന്തിദത്ത എന്നിങ്ങനെ മൂന്നുപേർ ചേർന്നാണ് ചിത്രത്തിൻെറ സംവിധാനം.

ട്രാൻസ്ജെൻഡറായി ജനിച്ച ബോണിയുടെ കഥയാണ് ഈ ചിത്രം. ദരിദ്രരും നിരക്ഷരരും ആശയക്കുഴപ്പത്തിലകപ്പെട്ടവരുമായ മാതാപിതാക്കൾ ബോണിയെ വളർത്തിയത് പെൺകുട്ടിയെ പോലെയാണ്. ഫുട്ബാൾ കളിയിൽ മികവുള്ള ബോണിക്ക് പരിഹാസ്യവും കാപട്യവും നിറഞ്ഞ ചൂഷിതമായ സമൂഹത്തിൽ ആത്മാഭിമാനത്തോടെ ജീവിക്കാൻ പോരാടേണ്ടിവരുന്നു.

സാങ്കേതികമായ പരിമിതികളുണ്ടെങ്കിലും ഒരു അപര്യാപ്തമായ സമൂഹത്തിൻെറ സദാചാര പരിധിയെയും അന്തർമുഖത്തെയും വെല്ലുവിളിക്കുന്ന ഉൽപതിഷ്ണുവായ മനുഷ്യനെ പ്രധാനമായും ഹൈലൈറ്റ് ചെയ്യുന്നു എന്നതാണ് ഈ ചിത്രത്തെ ജൂറി പുരസ്കാരത്തിന് അർഹമാക്കിയത്.

പ്രത്യേക ജൂറി പുരസ്കാരം നേടിയ രണ്ട് ചിത്രങ്ങളാണ് 'നാചി സെ ബാൻചി', 'അയാം ജീജ'. ഝാർഖണ്ഡിൽനിന്നുള്ള ഹിന്ദി ചിത്രമായ 'നാചി സെ ബാൻചി' ബിജു ടോപ്പോയും മേഘ്നാഥും ചേർന്നാണ് സാക്ഷാത്കരിച്ചിരിക്കുന്നത്. ഡോ. രാംദയാൽ മുണ്ടയെന്ന ആദിവാസിയുടെ ജീവചരിത്ര ചലച്ചിത്രമാണിത്. സമൂഹത്തിൻെറ ഏറ്റവും താഴേത്തട്ടിൽനിന്നും ഉയരങ്ങൾ കീഴടക്കിയ രാംദയാൽ രാജ്യസഭയിലും ഐക്യരാഷ്ട്രസഭയിലും ആദിവാസികളുടെ ശബ്ദമായി.



● 'അയാം ജീജ'

സാഹിത്യ അക്കാദമി, പത്മശ്രീ പുരസ്കാരങ്ങൾ നേടിയ ഇദ്ദേഹം റാഞ്ചി യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാണ്. ഝാർഖണ്ഡിലെ തമർ ആദിവാസി കുടുംബത്തിൽ ജനിച്ച രാംദയാൽ മുണ്ട അമേരിക്കയിൽ ഉപരിപഠനത്തിന് പോവുകയും പിന്നീട് മിനിസോറ്റ സർവകലാശാലയിൽ അധ്യാപകനാവുകയും ചെയ്തു. അതിനുശേഷമാണ് ഇദ്ദേഹം നാട്ടിലേക്കു തിരിച്ചുപോരുകയും മേൽപറഞ്ഞ പദവികളിലെത്തുകയും ചെയ്തത്. തദ്ദേശവാസി സംസ്കാരത്തിൻെറ പൈതൃകം സംരക്ഷിക്കുന്നതിൻെറ അഭിഭാഷണമാണ് 'നാചി സെ ബാൻചി' എന്ന 70 മിനിറ്റ് ദൈർഘ്യമുള്ള ചിത്രം.

മുഖ്യധാര മാധ്യമങ്ങളാൽ തൻെറ സമുദായത്തെ തെറ്റായി പ്രതിനിധാനംചെയ്യുന്നതിനെതിരെ കാമറ കൊണ്ട് ഫലപ്രദമായി എതിരിട്ട ആദ്യത്തെ ആദിവാസി ചലച്ചിത്രകാരനാണ് ബിജു ടോപ്പോ എന്ന സംവിധായകൻ. നക്സലൈറ്റ് വേട്ട നടത്തുന്നതിനിടയിൽ നിരപരാധികളായ ആദിവാസികളെ മാവോവാദികളെന്ന പേരിൽ വെടിവെച്ചു കൊന്നതിനെക്കുറിച്ചുള്ള 'ദ ഹണ്ട്' എന്ന രേഖീയചിത്രത്തിൻെറ സംവിധായകൻ കൂടിയാണ് ബിജു ടോപ്പോ.

കൊൽക്കത്തയിൽനിന്നുള്ള സ്വാതി ചക്രബർത്തി സംവിധാനം ചെയ്ത 'അയാം ജീജ' 28 മിനിറ്റ് ദൈർഘ്യമുള്ള ഇംഗ്ലീഷ് ഡോക്യുമെൻററിയാണ്. സെറിബ്രൽ പാൾസി (തലച്ചോറിനെ ബാധിക്കുന്ന തളർവാതം) ബാധിച്ച ജീജഘോഷ് എന്ന പെൺകുട്ടിയുടെ പ്രതിബന്ധങ്ങളെ തരണംചെയ്ത് ജീവിതവിജയം നേടുന്നതിൻെറ നേർചിത്രമാണ് 'അയാം ജീജ'. ശക്തയായ പോരാളിയും സമൂഹത്തിൻെറ ഉത്തരവാദിത്തമുള്ള നേതാവുമാണെന്ന് അവർ തെളിയിക്കുകയുണ്ടായി. താഴ്ത്തി സംസാരിക്കുകയും തെറിച്ചുനടക്കുകയും ചെയ്യുന്ന ജീജ ഏവർക്കും വിസ്മയമാകും. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി ശക്തമായി നിലകൊള്ളുന്ന ജീജ ഒരു അപൂർവ സ്ത്രീ മാത്രമല്ല, എല്ലാവർക്കും ഒരു ആദർശ മാതൃക കൂടിയാണ്. സംവിധായകൻെറ ആദ്യ ചിത്രത്തിനുള്ള ദാദ സാഹെബ് ഫാൽകെ പുരസ്കാരം 'ബി ലവ്ഡ്',(ജാൻ ജിഗർ) എന്ന 18 മിനിറ്റുള്ള ഹിന്ദിചിത്രം സംവിധാനം ചെയ്ത മുംബൈ നിവാസിയായ രഞ്ജൻ ചന്ദേലിനാണ്. വടക്കേ ഇന്ത്യയിൽ താമസിക്കുന്ന ഒരു പെൺകുട്ടിയുടെയും ആൺകുട്ടിയുടെയും പൂർവസ്നേഹ ജീവിതത്തിൻെറ അൽപ വ്യത്യാസത്തെ കുറിച്ചറിയാൻ ഒരു വിജനസ്ഥലത്ത് കണ്ടുമുട്ടുവാൻ അവർ തീരുമാനിക്കുന്നു. അവിടെ സദാചാര ഗുണ്ടകളുടെ ആക്രമണം അവർ നേരിടേണ്ടിവരുന്നു. കാലികവിഷയമായ സദാചാര പൊലീസിനെതിരെയുള്ള ചിത്രമെന്ന നിലയിൽ 'ബി ലവ്ഡ്' (Be loved) ശ്രദ്ധിക്കപ്പെട്ടിരുന്നു.

ഇന്ത്യൻ ഡോക്യുമെൻററി പ്രൊഡ്യൂസേഴ്സ് അസോസിയേഷ (IDPA)ൻെറ ചലച്ചിത്ര വിദ്യാർഥികൾക്കുള്ള പുരസ്കാരം ശ്രേയസ്സ് ദശരഥ സംവിധാനം ചെയ്ത 'വിതറിങ്ഹൗസ്' (ബിസ്മാർ ഘർ) നേടി. വീടിനെക്കുറിച്ചുള്ള 60 മിനിറ്റുള്ള ഒരു ഡോക്യുമെൻററിയാണിത്. വീടുനൽകുന്ന സ്വന്തമെന്ന ബോധവും സുരക്ഷിതത്വവും മാത്രമല്ല, കാലത്തിൻെറയും സംസ്കൃതിയുടെയും പ്രതീകം എന്ന നിലയിലും ഒരു വീടിന് വിശിഷ്ടമായ സ്വത്വം ഉണ്ടെന്നും ഈ ചിത്രം പറയുന്നു.

അഹ്മദാബാദ് നഗരത്തിൻെറ ഹൃദയഭാഗത്ത്100 വർഷം പഴക്കമുള്ള വീട്ടിൽ 20 വർഷമായി താമസിക്കുന്ന മഹേഷ് ഭായ്, തരുണബെൻ, ഗൺപത്ഭായ് എന്നിവരുടെയും ഇവരുടെ വീടിനെയും നിരീക്ഷണവിധേയമാക്കുകയാണ് ഈ ചിത്രത്തിൽ. ഈ വീട്ടിൽനിന്നും പുതിയൊരു അപ്പാർട്മെൻറിലേക്ക് താമസം മാറാൻ ഇവർ തീരുമാനിക്കുന്നു. മാറുന്ന കാലത്തിൻെറയും സാഹചര്യങ്ങളുടെയും കൂടെ വികസനത്തിൻെറയും നഗരവത്കരണത്തിൻെറയും നിഴലിനു താഴെ ഒരുതരം അപരിചിതമായ ഏകരൂപതയിലേക്ക് ഇവർ മാറ്റപ്പെടുകയല്ലേ? ഇനിയും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ നമ്മുടെ പാരമ്പര്യമായ ഘടനകൾ പരാജയപ്പെടുകയാണോ? ഈ സമസ്യകൾ പ്രേക്ഷകനു മുന്നിൽ ഉയർത്തിക്കൊണ്ടാണ് 'വിതറിങ് ഹൗസ്' പൂർണമാകുന്നത്.

മികച്ച ശബ്ദ ഡിസൈനിനുള്ള പുരസ്കാരം പിൻജ മുസ്തജോക്കിക്കാണ്. 'മൈ സീക്രട്ട് ഫോറസ്റ്റ്' എന്ന ഫിൻലൻഡ് ചിത്രമാണ് ഇതിനവലംബം. നീന സംവിധാനം ചെയ്ത ഈ ചിത്രം സംസാരശേഷിയില്ലാത്ത ഓട്ടിസം ബാധിതനായ 20 വയസ്സുള്ള ലൗറിയെക്കുറിച്ചാണ്. വളർന്നുവരുന്ന ഓട്ടിസം ബാധിതനായ ഒരു യുവാവിൻെറ അന്തർലോകത്തെ വ്യക്തിപരമായി പ്രേക്ഷകനെ ബന്ധിപ്പിക്കുന്ന പാലമായി, ഒരു ചലച്ചിത്രാത്മക ചികിത്സപോലെ ആലോചനാപരമായി ശബ്ദം രൂപകൽപന ചെയ്തതുകൊണ്ടാണ് പുരസ്കാരത്തിന് അർഹനാക്കിയത്.

പുരസ്കാരങ്ങൾ ലഭിക്കാതിരുന്നതുകൊണ്ട് മേളയിൽ പ്രദർശിപ്പിച്ച മറ്റു ചിത്രങ്ങൾ പ്രശംസനീയമല്ലാതാകുന്നില്ല. ദ പോയറ്റിക് ഓഫ് ഫ്രാജിലിറ്റി, ടെയ്ൽസ് ഫ്രം അവർ ചൈൽഡ് ഹുഡ്, വെൽവെറ്റ് റെവലൂഷൻ, ദ എക്സൽ, 3 സെക്കൻഡ് ഡിവോഴ്സ്, ദ സെയ്ൻറ്സ് ഓഫ് സിൻ, വണീഷിങ് ഗ്ലേസിയർ, ഐസ്, ദ ലോഡ്സ് ഓഫ് വെസ്റ്റേൺ ഘാട്സ്, സോപാനം, കഥാർസിസ്, വെയ്ൽ ഡൺ, എ മൂമെൻറ്, മക്കാൻ, ആഫ്റ്റർ നൂൺ ക്ലൗഡ്, എ കീർ കൺട്രി എന്നിവയെല്ലാം രാഷ്ട്രീയ സാമൂഹിക പാരിസ്ഥിതിക വിഷയങ്ങളുന്നയിക്കുന്ന ശ്രദ്ധേയ ചിത്രങ്ങളാണ്.

മത്സരവിഭാഗത്തിൽ പെടേണ്ട മികച്ച ചിത്രങ്ങളാണ് പലതുമെന്ന് 'പ്രിസം' വിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രങ്ങളുടെ കാഴ്ച വെളിവാക്കി. റിട്രോസ്പെക്ടിവ് വിഭാഗത്തിൽ ഡോമിനിക് ഡുബോഷ് (ഫ്രാൻസ്), കൊജി യമാമുറ - അനിമേഷൻ (ജപ്പാൻ), ഇവാൻ ലിയോനി ഡോവിച്ച് - അനിമേഷൻ (റഷ്യ), മധുശ്രീദത്ത, ഭീംസെയ്ൻ ഖുറാന - അനിമേഷൻ, രക്ഷൻ ബനീടേമാഡ് (ഇറാൻ) എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ഇതിനെല്ലാം പുറമെ പല വിദേശ മേളകളിൽ പുരസ്കാരം നേടിയവ, സന്ത്യാഗൊ അൽവരെസ് (കൂബ), അനിമമുണ്ടി (ബ്രസീൽ), ഫിലിപ്പിനൊ വിമെൻ - (ഫിലിപ്പൈൻസ്), സാർക് എന്നീ പ്രത്യേക പാക്കേജുകൾ, ഹോമേജ്, പ്രത്യേക സ്ക്രീനിങ്ങുകൾ, ഫിലിംസ് ഡിവിഷൻ, ജമ്മു-കശ്മീർ, വടക്കു കിഴക്കൻ ഇന്ത്യ എന്നീ പാക്കേജുകൾ കൂടാതെ ഓപൺ ഫോറം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, മീഡിയ കോൺഫറൻസുകൾ എന്നിവയെല്ലാം കൊണ്ടും തികച്ചും മികവുറ്റ രാജ്യാന്തര ചലച്ചിത്രോത്സവം തന്നെയാണ് മിഫ് എന്ന് വീണ്ടും തെളിയിച്ചു. എന്നാൽ, പോയ മേളയിലെ പോലെത്തന്നെ ഇക്കുറിയും രാഷ്ട്രീയപരവും സാഹസികപരവുമായി ധീരതയോടെ ചിത്രീകരിക്കപ്പെട്ട ചലച്ചിത്രങ്ങൾ ഉണ്ടായില്ലെന്നുള്ളത് ഈ മേളയുടെ പോരായ്മയാണ്. പുതിയ രണ്ട് മികച്ച തിയറ്ററുകൾ കൂടി ഫിലിംസ് ഡിവിഷൻ സമുച്ചയത്തിൽ തുടങ്ങിയത് മേളയുടെ നേട്ടമാകുമ്പോൾതന്നെ ചലച്ചിത്രോത്സവ വേദിയിലേക്ക് എത്തിച്ചേരുവാൻ ഇത്തവണയും ബദൽയാത്രാ സൗകര്യം ഒരുക്കാൻ സംഘാടകർക്ക് കഴിയാതിരുന്നത് ജനകീയപങ്കാളിത്തം കുറച്ചു. എന്നാൽ, പോയ വർഷത്തേക്കാൾ മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്നത് ഫെസ്റ്റിവൽ ഡയറക്ടറായ മനീഷ് ദേശായിയുടെ സംഘാടക മികവുകൊണ്ടാണ്. രജിസ്ട്രേഷൻ വിഭാഗം വേണ്ടത്ര ഗൃഹപാഠം ചെയ്യാത്തതിനാൽ ഓൺലൈൻ രജിസ്ട്രേഷനിൽ പ്രകടമായ പാളിച്ചയുണ്ടായി.

മലയാളികളായ ഫാസിലും ഷോണും സംയുക്തമായി സംവിധാനം ചെയ്ത 'ഇൻ ദ ഷേഡ് ഓഫ് ഫാളൻ ചിനാർ' എന്ന ചിത്രം പ്രദർശിപ്പിക്കാൻ കഴിയാതെ പോയത് മേളക്കേറ്റ പ്രഹരമാണ്. ബ്രിട്ടീഷ് അധിനിവേശകാലത്തുണ്ടാക്കിയ ഒരു കരിനിയമത്തിൻെറ പിൻബലത്തിൽ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിൻെറ ഉത്തരവുകൊണ്ടാണ് ഷെഡ്യൂൾ ചെയ്തിട്ടും ഈ ചിത്രം പ്രദർശിപ്പിക്കാൻ കഴിയാതിരുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന ഈ സംഘ്പരിവാർ വർഗീയ രാഷ്ട്രീയത്തിൻെറ ഫാഷിസ്റ്റ് നടപടിയിൽ ഒരു വിഭാഗം ചലച്ചിത്രകാരന്മാരും മറ്റും മേളയുടെ വേദിയിൽ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ഫെസ്റ്റിവൽ കമ്മിറ്റി ഇവിടെ നിസ്സഹായത പ്രകടിപ്പിച്ചുവെങ്കിലും ദേശീയ മത്സരവിഭാഗത്തിൽ പെട്ടതായിരുന്നതുകൊണ്ട് ഈ ചിത്രം ജൂറികൾക്ക് കാണുവാൻ അവസരമൊരുക്കിയെന്നത് പ്രശംസനീയമാണ്.



● 'ഐസ്'

ഉദ്ഘാടന ചിത്രമായി റൗൾ പെക്കിൻെറ 'അയാം നോട്ട് യുവർ നീഗ്രോ' എന്ന പ്രശസ്തമായ ഡോക്യുമെൻററി ചിത്രം പ്രദർശിപ്പിച്ചതിലൂടെ മിഫ്-2018 കൂടുതൽ ശ്രദ്ധേയമായി. 'ലുമുംബ' എന്ന ധീരമായ രാഷ്ട്രീയ ചിത്രത്തിലൂടെ മികച്ച ചലച്ചിത്രകാരൻ എന്ന നിലയിലേക്ക് വളർന്ന റൗൾ പെക്കിൻെറ പ്രഥമ ഫീച്ചർ ചിത്രമായ 'യങ് കാൾമാക്സ്' ചർച്ചാവിഷയമായി കഴിഞ്ഞു. ജയിംസ് ബാൾഡ്വിൻെറ 'റിമെംബർ ദിസ് ഹൗസ്' എന്ന പൂർത്തിയാകാത്ത നോവലിനെ അടിസ്ഥാനമാക്കിയാണ് റൗൾ പെക്ക് 'അയാം നോട്ട് യുവർ നീഗ്രോ' എന്ന ചിത്രം നിർമിച്ചിരിക്കുന്നത്. വർണവിവേചനത്തിൻെറ അടിയൊഴുക്കുകൾ തുറന്നുകാട്ടുന്ന ശക്തമായ ചലച്ചിത്രമാണിത്.

പ്രമുഖ സംവിധായകനായ ഗൗതം ഘോഷാണ് മിഫിന് ദീപം തെളിച്ചത്. ചലച്ചിത്ര പ്രതിഭയായ ശ്യാം ബെനഗലിന്, വി. ശാന്താറാം ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരവും ലഭിച്ചു. 10 ലക്ഷം രൂപയും ട്രോഫിയും അടങ്ങുന്നതാണ് ഈ പുരസ്കാരം.

മീഡിയയുടെ നാമമാത്രമായ പങ്കാളിത്തമാണ് മിഫിൻെറ 15ാമത് എഡിഷൻ കൊടിയിറങ്ങുമ്പോഴും പ്രകടമായത്. സാമൂഹിക പുരോഗതിക്ക് മൊത്തത്തിൽ ഗുണപ്രദമായ തികച്ചും വൈജ്ഞാനികവും കലാപരവുമായ ഈ ബൃഹദ് രാജ്യാന്തര ചലച്ചിത്രോത്സവത്തെ മീഡിയ തഴയുന്നതിൻെറ പിന്നിൽ വാണിജ്യതാൽപര്യങ്ങളും മേളയുടെ പ്രസക്തിയെക്കുറിച്ചുള്ള ധാരണകുറവുമാണെന്ന് അനുമാനിക്കാം.

രണ്ടുവർഷം കൂടുമ്പോൾ മാത്രം മിഫ് സംഘടിപ്പിക്കുന്നതിനാൽ മറ്റെല്ലാ മേളകളിലും പങ്കെടുത്ത ചിത്രങ്ങളാണ് ദേശീയ വിഭാഗത്തിൽ കാണാൻ കഴിയുക. ആനുകാലികവും സാമൂഹികവുമായ വിഷയങ്ങൾ അവലംബിച്ചുള്ള ചലച്ചിത്രങ്ങൾ പലതും കാലദൈർഘ്യംകൊണ്ട് അപ്രസക്തമാവുകയും ഉദ്ദേശിക്കുന്ന രീതിയിലുള്ള ആസ്വാദനമോ പ്രതികരണമോ ലഭിക്കാതെയും പോകുന്നു. അപ്പോൾ മിഫ് എല്ലാവർഷവും നടത്താവുന്ന സാഹചര്യമുണ്ടായാലേ ഇപ്പോൾ എത്ര മികച്ച രീതിയിൽ മിഫ് നടത്തിയാലും ലഭിക്കുന്ന മേന്മയേക്കാൾ ഫലപ്രദമാകൂ. ●